## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3721
## 21.06.2018 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിൽ സ്കൂൾ ബസ്സ് വാങ്ങാൻ കാലതാമസം**

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നതിന് ഭരണാനുമതി ലഭിച്ചതിന് ശേഷം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസുകൾ വാങ്ങുന്നതിനായി തുക വകയിരുത്തിയിരിക്കുന്നത് പൊതു വിദ്യാഭാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ചിട്ടുള്ള ശീർഷകത്തിലാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിനായി ഒരു പ്രത്യേക ശീർഷകം 2018-19 സാമ്പത്തികവർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ തുറന്നിട്ടുണ്ട്. പുതിയ ശീർഷകത്തിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ടുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇത്തരം ഫണ്ടിൽ നിന്ന് സ്കൂൾ ബസ്സ് വാങ്ങി നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് വേണ്ടി ഇതുമായി ബന്ധപ്പെട്ട നടപടി ക്രമം ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | നീണ്ട കാലതാമസം മൂലം വാഹനങ്ങൾക്ക് വില വ്യത്യാസം വരുകയും തൻമൂലം സ്കൂളുകൾക്ക് അവരുദ്ദേശിച്ച വാഹനം ലഭിക്കാതിരിക്കുകയും ചെയ്യുന്നതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ: വിശദാംശം അറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**